ശ്രീ. ടി. എം. ജേക്കബ് : ഇവിടെ നിന്നു കൊടുക്കുന്ന പേപ്പറുകൾ ഒരു കാരണവശാലും ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള സംവിധാനങ്ങൾ നമുക്കുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട ഗവർണ്ണർ ഒരു ആക്ഷേപമായി പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഈ കാര്യത്തെക്കുറിച്ച് പ്രത്യേകമായി അന്വേഷിക്കുന്നതാണ്.

ഏകീകൃത സർവ്വകലാശാല നിയമനത്തിന് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

* 296. [319] ശ്രീ. പി. സീതി ഹാജി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. എം. അബൂബക്കർ :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർവ്വകലാശാലകൾക്ക് ഒരു ഏകീകൃത നിയമം കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) അവയിൽ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാം ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) കേരളത്തിലെ സർവ്വകലാശാലകൾക്ക് ഒരു ഏകീകൃത നിയമം കൊണ്ടുവരാൻ നേരത്തെ തീരുമാനിച്ചിരുന്നു.

(ബി) ഇല്ല

(സി) 'ബി'യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. സീതിഹാജി : കേരളത്തിലെ സർവ്വകലാശാലകൾക്ക് ഒരു ഏകീകൃത നിയമം കൊണ്ടുവരാൻ ഗവൺമെൻറ് നേരത്തെ ഉദ്ദേശിച്ചിരുന്നു. ആ ഉദ്ദേശം ഇപ്പോൾ നിലവിലുണ്ടോ ? അത് നടപ്പാക്കുന്നതിനെപ്പറ്റി ഗവൺമെൻറ് വല്ല ആലോചനയും നടത്തിയിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻറെ അംഗീകാരം കിട്ടുന്നതിനാവശ്യമായി വന്ന സാഹചര്യത്തിലാണ് ഗവൺമെൻറ് ഇതേക്കുറിച്ച് ആലോചിച്ചത്. പക്ഷെ ആ നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല. അതുകൊണ്ടാണ് നേരത്ത ഗവൺമെൻറ് ഉദ്ദേശിച്ചിരുന്നുവെന്ന് ഞാൻ പറയാൻ കാരണം.

ശ്രീ. പി. സീതിഹാജി : ഇൻഡ്യാ രാജ്യത്തുള്ള ഏതെങ്കിലും ഒരു സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾക്ക് ഇത്തരമൊരു ഏകീകൃത നിയമമുള്ളതായി വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : പല സ്റ്റേറ്റുകളിലും ഏകീകൃത നിയമമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അവരിൽ നിക്ഷിപ്തമായ അധികാര പരിധിക്ക് പുറത്ത് യൂണിവേഴ്സിറ്റിയുടെ നിത്യഭരണത്തിലും അതിന്റെ സ്വഭാവത്തിലും അമിതമായി ഇടപെടുന്നതായി ഗവൺമെന്റിന് അനുഭവമുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് യു. ജി സി. യുടെയും കേന്ദ്രഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. ടി. എ. ജേക്കബ് : യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കേന്ദ്രപാർലമെന്റ് പാസ്സാക്കിക്കൊടുക്കുന്ന നിയമത്തിന് വിധേയമായിട്ടാണ് ചില നടപടികളും സ്വീകരിച്ചിരിക്കുന്നത്. ചില സംസ്ഥാനങ്ങൾക്ക് അവരുടെ നടപടികളും സ്വീകാര്യമല്ലാതെ വന്നത് യു. ജി. സി. യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിലുപ്പെടുത്തി പക്ഷെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ നിലപാട് ശരിവയ്ക്കുകയാണ് കേന്ദ്രഗവൺമെന്റ് ചെയ്തിട്ടുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ ചില പ്രയാസങ്ങൾ വന്നപ്പോഴാണ് ഗവൺമെന്റ് ഇങ്ങനെയൊരു ഏകീകൃതനിയമം കൊണ്ടുവരുന്ന കാര്യം ആലോചിച്ചത് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് ശരിയാണോ ? നേരത്തെതന്നെ ഒരു ഏകീകൃതനിയമം നമുക്ക് വേണമെന്നുള്ള ഒരു ചിന്ത സർക്കാർ തലത്തിലും മറ്റ് വിദ്യാഭ്യാസ വിചക്ഷണന്മാരുടെ തലത്തിലും ഒക്കെ നിലനിന്നിരുന്നില്ലേ ?

ശ്രീ. ടി. എം. ജേക്കബ് : നേരത്തെ മുതൽ ഇങ്ങനെയൊരു അഭിപ്രായമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലയളവിൽ ശ്രീ. മോഹൻകുമാർ കമ്മറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി അഭിപ്രായപ്രകടനം നടത്തുകയും ചെയ്തു. പിന്നീട് പല രൂപത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളും ഈ നിയമത്തെക്കുറിച്ച് ഉണ്ടായി. കൂടുതൽ സജീവമായി അത് ഗവൺമെന്റ് പരിഗണിക്കാനുണ്ടായ കാരണം യു. ജി. സി. യുടെ നിർദ്ദേശം വന്നപ്പോഴാണ്. അവസാനമായി ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത് തൽക്കാലം ഗാന്ധിജി യൂണിവേഴ്സിറ്റി നിയമത്തിൽ മാത്രം ഭേദഗതികൾ വരുത്തുക, മറ്റുള്ള കാര്യം പിന്നീട് ആലോചിക്കാമെന്നുള്ള നിലക്കാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ പ്രാധാന്യം സാമ്പത്തികമായി മാത്രമേയുള്ളോ അതോ അതിന്റെ അംഗീകാരം മറ്റ് എല്ലാ വിധത്തിലും പ്രധാനമാണോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : യു. ജി. സി. ക്ക് നിയമപരമായ കൂടുതൽ അവകാശങ്ങൾ യൂണിവേഴ്സിറ്റിയുടെ ഭരണത്തിലുണ്ട്. അതിന് ധന സഹായം നൽകുന്നതോടൊപ്പം തന്നെ അക്കാഡമിക്കായിട്ടുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കാനുള്ള അവകാശവും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനുണ്ട്.

ശ്രീ. എ. കെ. പത്മനാഭൻ : സർവ്വകലാശാല സമിതികളിൽ ഇന്നുള്ള ജനാധിപത്യ സ്വാതന്ത്ര്യത്തെ നിഹനിക്കുന്ന നിർദ്ദേശങ്ങളാണ് യു. ജി. സി. നൽകിയിട്ടുള്ളത്. ഇതിനെ എതിർക്കുന്ന ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് ജനാധിപത്യ സ്വാതന്ത്ര്യം നിലനിർത്താനുള്ള ഒരു പോരാട്ടം നമ്മുടെ സംസ്ഥാന ഗവൺമെന്റ് നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : യൂണിവേഴ്സിറ്റി സെനറ്റിലേയും സിൻഡിക്കേറ്റിലേയും ഇലക്ഷൻ കാര്യങ്ങളും അതിന്റെ അധികാരങ്ങളെ സംബന്ധിച്ചുമാണ് പ്രധാനമായും തർക്കം ഉണ്ടായത്. ഇതു സംബന്ധിച്ച് അഭിപ്രായ വ്യത്യാസം പറഞ്ഞ ഗവൺമെന്റുകളും എല്ലാം തന്നെ പിന്നീട് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ശുപാർശകളും അംഗീകരിച്ചുകൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തി അംഗീകാരം വാങ്ങിയെടുക്കുകയാണ് ചെയ്തത്. ആരും അതിനുവേണ്ടി ഇപ്പോൾ ഫൈറ്റ് ചെയ്തു നിൽക്കുന്നില്ല.

സ്വകാര്യ മേഖലയിൽ പോളിടെക്നിക്കുകൾ

* 297. [320] ശ്രീ. എം. ജിനദേവൻ :
,, ഇ. പത്മനാഭൻ :
,, കെ. മൂസ്സക്കുട്ടി :
,, ഒ. ഭരതൻ :
,, വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ, ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) പോളിടെക്നിക്കുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ കഴിഞ്ഞവർഷം തന്നെ ക്ഷണിക്കുകയും അതനുസരിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുമാണ്.

ശ്രീ. എം. ജിനദേവൻ : സ്വകാര്യ മേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം വന്നപ്പോൾ അതിനെതിരായി വളരെ ശക്തമായിട്ടുള്ള എതിർപ്പും, പ്രക്ഷോഭങ്ങളും, സമരങ്ങളും ഈ സംസ്ഥാനത്ത് ഉയർന്നു വന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അന്ന് ആ നിർദ്ദേശം തൽക്കാലം പരിഗണിക്കേണ്ടായെന്ന് ഗവൺമെന്റ് തീരുമാനിച്ചത് ഏതാണ്ട് ഉപേക്ഷിച്ചു എന്ന നിലയ്ക്കാണ്. ഇപ്പോഴും അത് പരിഗണനയിലാണെന്ന് പറഞ്ഞാൽ സ്വകാര്യമേഖലയിൽ ഇനിയും പോളിടെക്നിക്കുകൾ അനുവദിക്കുമെന്നാണോ മനസ്സിലാക്കേണ്ടത് ?

ശ്രീ. ടി. എം. ജേക്കബ് : ആ തീരുമാനം ഉപേക്ഷിച്ചുവെന്ന് ഗവൺമെന്റ് ഒരിക്കലും പറഞ്ഞിട്ടില്ല, ഗവൺമെന്റിന്റെ പരിഗണനയിലാണ്, ഗവൺമെന്റ് ആ കാര്യത്തിൽ തീരുമാനമെടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. ജിനദേവൻ : നയപരമായ ഒരു കാര്യമാണിത്. ഇതിനെതിരായി വളരെ ശക്തമായ പ്രക്ഷോഭങ്ങൾ നമ്മുടെ രാജ്യത്ത് ഉയർന്നുവന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly